പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1494 — 31.10.2019-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷുറൻസ് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പ്രകൃതിക്ഷോഭം മൂലം മത്സ്യബന്ധന യാനങ്ങൾക്കുണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | മത്സ്യബന്ധന ഉപകരണങ്ങൾ പൂർണ്ണ മായോ ഭാഗികമായോ നഷ്ടപ്പെടുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്യുമ്പോൾ നഷ്ടപരിഹാരമെന്ന നിലയിൽ 2018 മുതൽ 'മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ' നടപ്പിലാക്കി വരുന്നു. പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.5%+ ടാക്സ് എന്ന രീതിയിലാണ് പ്രീമിയം തുക കണക്കാക്കുന്നത്. 2018-19-ൽ ഒരു കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 647 യാനങ്ങൾ പദ്ധതിയിൽ ചേർന്നു. ആദ്യ വർഷം ഹള്ളിന് മാത്രമാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിരുന്നത്. നടപ്പ് വർഷം ഹള്ളിനും എഞ്ചിനും ഇൻഷ്വറൻസ് കവറേജ് ഉണ്ട്. 2019-20-ൽ 4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്ന് വരികയാണ്. |
| (ബി) | എത്ര കോടി രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്; എത്ര പേർക്ക് എത്ര തുകയാണ് ഇതിൽ നിന്നും നഷ്ടപരിഹാരമായി നൽകിയിട്ടുള്ളത്;<br><br>(സി) തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ നിന്നും നഷ്ടപരിഹാരത്തിനായി എത്ര പേരാണ് അപേക്ഷിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) & (സി) | 2018-19 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ നിന്നും നഷ്ടപരിഹാരത്തിനായി ആരും തന്നെ അപേക്ഷിച്ചിരുന്നില്ല. തിരുവനന്തപുരം ജില്ലയിൽ നിന്നും 2 ഗുണഭോക്താക്കൾ ക്ലെയിം തുക കിട്ടുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൽ ആദ്യത്തെയാളായ ശ്രീ.അബ്ദുൾ മജീദിന് 1,20,000/-രൂപ ഇൻഷ്വറൻസ് കമ്പനി നൽകിയിരുന്നു. രണ്ടാമനായ ശ്രീ.പ്രിൻസിന് ക്ലെയിം തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ